അതും കോസ്റ്റ് ബെനിഫിറ്റ് റേഷ്യോ കൂടുതലാണെന്നുള്ള നിലയിലാണ്. Economic Ceiling മാറ്റി നിശ്ചയിക്കുന്ന കാര്യം ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണ്. അതനുസരിച്ച് ഈ പദ്ധതിക്ക് ഭരണാനുമതി നൽകാൻ കഴിയും.

(35) മങ്കട-കുളമംഗലം റോഡ്

ശ്രീ. കെ. പി. എ. മജീദ് : എന്റെ നിയോജകമണ്ഡലത്തിലെ എം. എൽ. എ. റോഡായ കുളമംഗലം കാടാകുളങ്ങര റോഡ് കഴിഞ്ഞ കുറേ വർഷം മുമ്പ് പണി തുടങ്ങിയതാണെങ്കിലും കഴിഞ്ഞ മൂന്നു വർഷമായി പണി നടക്കുന്നില്ല. കരാറുകാരന്റെ ഭാഗത്തുള്ള അലംഭാവമാണ് ഇതിനു കാരണം. അത് പരിശോധിച്ച് കരാറുകാരൻ പണി പൂർത്തിയാക്കുന്നില്ലെങ്കിൽ മറ്റുള്ള കരാറുകാരനെ ഏൽപ്പിച്ച് പണി പൂർത്തിയാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ?

മരാമത്തു വകുപ്പുമന്ത്രി (ശ്രീ. ടി. കെ. ഹംസ) : ഇത് വളരെ വിഷമകരമായ ഒരു പ്രവർത്തിയാണ്. ഈ ഗവൺമെന്റ് വരുന്നതിനുമുമ്പ് തുടങ്ങിയിട്ടുള്ള എം. എൽ. എ. റോഡാണ്. ആ കരാറുകാരൻ കുറെ കഴിഞ്ഞപ്പോൾ പണി ഇട്ടിട്ടു പോയി. അയാളുടെ കരാർ ടെർമിനേറ്റു ചെയ്യാൻ നോട്ടീസ് കൊടുത്ത് നടപടി സ്വീകരിച്ചു. അപ്പോൾ രാഷ്ട്രീയ വിരോധമാണെന്നുപറഞ്ഞ് ഹൈക്കോടതിയിൽ പോയി അവർ സ്റ്റേ വാങ്ങിച്ചു. കുറേ ദിവസം പിന്നേയും നീണ്ടു പോയി. ബഹുമാനപ്പെട്ട എം. എൽ. എ.യും ഞാനും ആ കരാറുകാരനും കൂടി സംസാരിച്ച് ഇത് പൂർത്തിയാക്കണമെന്നുള്ള ഉറപ്പിന്റെ അടിസ്ഥാനത്തിൽ ടെർമിനേഷൻ പിൻവലിച്ച് കേസ് ഒഴിവാക്കി വീണ്ടും പണി ആരംഭിക്കാൻ നടപടി ആയിട്ടുണ്ട്. ഇന്നുവരെ അയാൾ തൊട്ടിട്ടില്ല. അതിന് മന്ത്രിക്കുള്ള ഏത് ഉത്തരവാദിത്വവും എം. എൽ. എ.യ്ക്കുമുണ്ട്. ഞങ്ങൾ മൂന്നു പേരുംകൂടി എടുത്ത തീരുമാനമാണ്. ഈ കരാറുകാരൻ ഇത്രയും മോശമാണെന്ന് എനിക്കറിയില്ല. ഏതായാലും ബഹുമാനപ്പെട്ട എം. എൽ. എ. ഇപ്പോൾ ശക്തമായിട്ട് എഴുതി തന്നിട്ടുണ്ട്. അതായത് ഈ കരാറുകാരന്റെ കരാർ ക്യാൻസൽ ചെയ്ത് നടപടിയെടുക്കാൻ. അതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(36) തൃശൂർ സൗത്ത് ഇൻഡ്യൻ ബാങ്ക് ജീവനക്കാരുടെ സമരം

ശ്രീ. ഇ. കെ. മേനോൻ : സർ, തൃശൂർ സൗത്ത് ഇന്ത്യൻ ബാങ്ക് ലിമിറ്റഡിന്റെ ഹെഡ് ഓഫീസിനു മുമ്പിൽ തൊഴിലാളികൾ അവരുടെ ആവശ്യങ്ങൾ നേടി എടുക്കുന്നതിനുവേണ്ടി കഴിഞ്ഞ മൂന്നു മാസമായി നിലേ സത്യാഗ്രഹം നടത്തുകയായിരുന്നു. ഇപ്പോൾ അതിന്റെ നേതാവ് നിരാഹാര സത്യാഗ്രഹം നടത്തുകയാണ്. നിസാരമായ തൊഴിൽ പ്രശ്നത്തിന്റെ പേരിലാണ് ഈ സമരം. ഇന്ത്യയുടെ പട്ടണങ്ങളിലും ഗ്രാമങ്ങളിലും അതിന്റെ ബ്രാഞ്ചുകൾ പ്രവർത്തിച്ചുവരുന്നു. ഒരു വലിയ കമേഴ്സ്യൽ ബാങ്കാണിത്. ഈ സമരത്തിൽ അടിയന്തിരമായും തൊഴിൽ മന്ത്രി ഇടപെട്ട് ഒത്തുതീർപ്പുണ്ടാക്കണമെന്നഭ്യർത്ഥിക്കുന്നു.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. പങ്കജാക്ഷൻ) : സർ, ബാങ്കിംഗ് സ്ഥാപനത്തിന്റെ തൊഴിൽ പ്രശ്നത്തിലിടപെടാൻ സംസ്ഥാന ഗവൺമെന്റിന് അധികാരമില്ല. അത് കേന്ദ്ര തൊഴിൽ വകുപ്പുമന്ത്രിയാണ് കൈകാര്യം ചെയ്യുന്നത്. ഈ പ്രശ്നത്തെ സംബന്ധിച്ച് കേന്ദ്ര തൊഴിൽ വകുപ്പു ഉദ്യോഗസ്ഥൻമാർ ചർച്ച ചെയ്തു കഴിഞ്ഞിട്ടുണ്ട്. പക്ഷെ തീർപ്പുണ്ടാക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

സാധിച്ചിട്ടില്ല. വീണ്ടും അവർ പരിശ്രമം തുടരുന്നുണ്ട്. സംസ്ഥാന ഗവൺമെൻറിനു മാറ്റ് രീതിയിൽ പ്രേരണ ചെലുത്താൻ കഴിയുമെങ്കിൽ അതിനു നടപടി സ്വീകരിക്കാം.

(36) പെരിന്തൽമണ്ണയിലെ കുടിവെള്ള ക്ഷാമം

ശ്രീ. നാലകത്ത് സൂപ്പി : മലബാർ ജില്ലകളിൽ ഏറ്റവും കൂടുതൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന പട്ടണമാണ് പെരിന്തൽമണ്ണ. 1972-ൽ ആരംഭിച്ച റൂറൽ വാട്ടർ സപ്ലൈ സ്കീം മാത്രമാണ് അവിടെയുള്ളത്. ഏതാനും കുഴൽകിണർ സ്കീമുകൾ അവിടെയുണ്ടെങ്കിലും അതും ശൂന്യമായിട്ടു കിടക്കുകയാണ്. വാട്ടർ സപ്ലൈ സ്കീമിൻെറ സോഴ്സ് കട്ടപ്പാറയാണ്. കട്ടപ്പാറയിൽ രണ്ട് മോട്ടോർ സ്ഥിരമായി ഉപയോഗിക്കുന്നതുകൊണ്ട് അത് കേട് വന്നുകൊണ്ടിരിക്കുന്നു. ഒരു അഡീഷണൽ മോട്ടോർകൂടി വാങ്ങണമെന്നുള്ള പ്രൊപ്പോസൽ ഗവൺമെൻറിൻെറ മുമ്പിൽ ഉണ്ടായിരുന്നു. കട്ടപ്പാറയിലെ റിസോഴ്സ് അപര്യാപ്തമാണ്. അതിന് അഡീഷണൽ കപ്പാസിറ്റി ഉണ്ടാക്കണമെന്നും നിർദ്ദേശമുണ്ടായിരുന്നു. അതുപോലെതന്നെ 1972-ൽ സ്ഥാപിച്ച പൈപ്പുകളാണ് അവിടെയുള്ളത്. അത് റീ-പ്ലൈസ് ചെയ്യേണ്ട സമയമായിരിക്കുന്നു. ഇങ്ങനെയുള്ള മൂന്ന് നാലു കാര്യങ്ങൾ ചെയ്തു തീർത്താൽ പെരിന്തൽമണ്ണ പട്ടണത്തിലുള്ള കുടിവെള്ളക്ഷാമം പരിഹരിക്കാൻ സാധിക്കും. ഈരണ്ടു മണിക്കൂർ ഇടവിട്ടാണ് പെരിന്തൽമണ്ണയിൽ വാട്ടർ സപ്ലൈ നടക്കുന്നത്. ഇക്കാര്യത്തിൽ അടിയന്തിരമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ജലസേചന വകുപ്പുമന്ത്രി (ശ്രീ. ബേബി ജോൺ) : 1985-ൽ പ്രവർത്തനം തുടങ്ങിയ പദ്ധതിയാണിത്. മുനിസിപ്പാലിറ്റി ആയതോടുകൂടി ആ പ്രദേശത്തെ ഡിമാൻറ് വളരെയേറെ വർദ്ധിക്കുകയുണ്ടായി. പക്ഷെ നിലവിലുള്ള പദ്ധതിയുടെ അപര്യാപ്തതമൂലം പെരിന്തൽമണ്ണ പട്ടണത്തിലെ എല്ലാ പ്രദേശങ്ങളിലേക്കും ആവശ്യാനുസരണം വെള്ളം എത്തിക്കാൻ കഴിഞ്ഞിട്ടില്ല. അതാണ് വസ്തുത. ചെറിയ വ്യാസമുള്ള വളരെയേറെ ചെറിയ പൈപ്പുകൾ ഇനിയും മാറ്റി പുതിയവ സ്ഥാപിക്കാനുണ്ട്. കട്ടപ്പാറയിലെ പഴയ രണ്ടു പമ്പു സെറ്റുകൾ മാറ്റി സ്ഥാപിക്കേണ്ടതുണ്ട്. കുന്നമ്പള്ളിയിൽ നിലവിലുള്ള ടാങ്കിൻെറ കപ്പാസിറ്റി വർദ്ധിപ്പിക്കാൻ സാധിക്കുന്നില്ല. അതുകൊണ്ട് ഒരു ടാങ്ക് നിർമ്മിക്കേണ്ടതാവശ്യമായിട്ടുണ്ട്. 15 എച്ച്. പി. ഉള്ള പമ്പ് സെറ്റ് ആവശ്യമുണ്ട്. ഇങ്ങനെ എല്ലാംകൂടി നോക്കുമ്പോൾ 17 ലക്ഷം രൂപയുടെ പദ്ധതിയുണ്ട്, അതിനു എല്ലാത്തിനുമുള്ള പണം ഒരുമിച്ചെടുക്കാനില്ല. പിന്നെ വോൾട്ടേജിൻെറ കമ്മി നികത്താനുണ്ട്. പെരിന്തൽമണ്ണയിലെ കുടിവെള്ളക്ഷാമം പരിഹരിക്കാനുള്ള ഒരു പദ്ധതി തയ്യാറാക്കി കഴിഞ്ഞു. അതിനനുസൃതമായ നടപടി സ്വീകരിക്കാം.

(38) മഞ്ചേശ്വരത്ത് ഇലക്ട്രിസിറ്റി സെക്ഷൻ ഓഫീസ്

ശ്രീ. ചെർക്കളം അബ്ദുള്ള : മഞ്ചേശ്വരം, പരിവർ പഞ്ചായത്തുകളിലെ വൈദ്യുതി ഉപഭോക്താക്കൾക്ക് ബിൽ തുക അടയ്ക്കാൻ സെക്ഷൻ ഓഫീസ് വളരെ ദൂരെയായതുകൊണ്ട് വളരെ ബുദ്ധിമുട്ടുകൾ അനുഭവിക്കുകയാണ്. അതുകൊണ്ട് അവിടത്തെ വൈദ്യുതി ഉപഭോക്താക്കളുടെ സൗകര്യം പരിഗണിച്ച് മഞ്ചേശ്വരത്ത് ഒരു സെക്ഷൻ ഓഫീസ് ആരംഭിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly